## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4544 — 25.06.2019-ൽ മറുപടിയ്ക്ക്

### വില്ലേജോഫീസുകളിൽ ഔദ്യോഗിക വാഹനം

ചോദ്യം :

ശ്രീ.മഞ്ഞളാംകുഴി അലി

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വില്ലേജോഫീസുകളിൽ ഫീൽഡ് പരിശോധന നടത്തുന്നതിന് ഔദ്യോഗിക വാഹനം ലഭ്യമാണോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഓഫീസർമാർ വില്ലേജിന്റെ അതിർത്തിയിലെ മുഴുവൻ സ്ഥലങ്ങളിലും നേരിട്ട് അന്വേഷണം നടത്തുന്നത്; ഇതിനുണ്ടാകുന്ന ചെലവുകൾ ഏതെങ്കിലും രീതിയിൽ നൽകുന്നുണ്ടോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഔദ്യോഗിക വാഹനം അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ ഒരു വില്ലേജിനുള്ളിലെ ആർ.ആർ.പിരിവ്, സ്ഥലം ഏറ്റെടുക്കൽ എന്നിങ്ങനെയുള്ള അടിയന്തിര പ്രാധാന്യമുള്ള പരിശോധനകൾക്കായി സ്പെഷ്യൽ തഹസിൽദാർ ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭ്യമായ വാഹനം ഉപയോഗിക്കാറുണ്ട്. വില്ലേജിന്റെ അതിർത്തിക്കുള്ളിലുള്ള സാധാരണ പരിശോധനകൾക്ക് വില്ലേജ് ഉദ്യോഗസ്ഥർ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിച്ചോ, സ്വന്തം വാഹനങ്ങൾ ഉപയോഗിച്ചോ ആണ് പരിശോധന നടത്തുന്നത്. ഇതിനായി വില്ലേജ് ഓഫീസർക്ക് 170/- രൂപ നിരക്കിലും സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് 150/- രൂപ നിരക്കിലും പ്രതിമാസം പി.സി.എ. നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മതിയായ ഔദ്യോഗിക വാഹനങ്ങൾ ലഭ്യമല്ലാത്തതിനാൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കേണ്ടി വരുന്ന സാഹചര്യത്തിൽ അപേക്ഷകർ ഉദ്യോഗസ്ഥരുടെ യാത്രാസൗകര്യം ഒരുക്കി നൽകേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഔദ്യോഗികവാഹനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥർ പൊതു ഗതാഗത സംവിധാനങ്ങളോ സ്വന്തം വാഹനമോ ഉപയോഗിച്ച് വരുന്നു. അപേക്ഷകർ ഒരുക്കി നൽകുന്ന യാത്രാ സൗകര്യം ഉദ്യോഗസ്ഥർ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. |
| (സി) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് സഹായിക്കുന്ന സാഹചര്യം സർക്കാർ ഒരുക്കി നൽകാത്തത് ഉദ്യോഗസ്ഥരെ അഴിമതിക്കാരാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | വാഹനം ലഭ്യമല്ലാത്തത് ജീവനക്കാരെ അഴിമതിക്കാരാക്കുന്നു എന്ന അഭിപ്രായം വസ്തുതാപരമായതല്ല. |

**സെക്ഷൻ ഓഫീസർ**